# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/515/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൂണേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/515/2021 തീയ്യതി: 20/03/2021

## കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 02-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ എം | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ്കുമാർ കെ ഓഡിറ്റ് ഓഫീസർ. 03/03/2021 മുതൽ 15/03/2021 വരെ.
ശ്രീ. എൻ രാജീവൻ സീനിയർ ഗ്രേഡ് ഓഡിറ്റർ. 03/03/2021 മുതൽ 15/03/2021

വരെ.
ശ്രീ.ജാസിർ സി.എം ഓഡിറ്റർ. 03/03/2021 മുതൽ 15/03/2021 വരെ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വളപ്പിൽ കുഞ്ഞമ്മത് മാസ്റ്റർ | പ്രസിഡന്റ് | 01-04-2019 | 08-07-2019 |
| ശ്രീമതി സിന്ധു രയരോത്ത് | പ്രസിഡന്റ് | 08-07-2019 | 30-07-2019 |
| ശ്രീ അറ്റക്കോയ തങ്ങൾ | പ്രസിഡന്റ് | 30-07-2019 | 31-03-2020 |
| ശ്രീ.മുസ്തഫ ടി.പി | സെക്രട്ടറി | 01-04-2019 | 07-07-2019 |
| ശ്രീ.ആർ ഗോപിനാഥൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2019 | 29-08-2019 |
| ശ്രീ.മുസ്തഫ ടി.പി | സെക്രട്ടറി | 29-08-2019 | 11-10-2019 |
| ശ്രീ.ആർ ഗോപിനാഥൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-10-2019 | 14-10-2019 |
| ശ്രീമതി രാജശ്രീ സി.എച്ച് | സെക്രട്ടറി | 15-10-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആർ ഗോപിനാഥൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.സൗമ്യവതി എൻ .കെ | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൾസലാം എസ്സ് | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.രെഞ്ജുഷ സി | മെഡിക്കൽ ഓഫീസർ -ആയുർവ്വേദ | 01-04-2019 | 31-03-2020 |
| ശ്രീമതി അനുപമ | ഡയറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സുഗതൻ | എക്സറ്റൻഷൻ ഓഫീസർ | | |
| ശ്രീമതി.അപർണ്ണ എം പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ദയാകലൻ പി.എം | വി.ഇ.ഒ | 01-04-2019 | 17-10-2019 |
| ശ്രീമതി സോണിയ സെബാസ്റ്റ്യൻ | വി.ഇ.ഒ | 01-04-2019 | 13-11-2019 |
| ശ്രീ ബിജിത്ത് കുമാർ | വി.ഇ.ഒ | 16-11-2019 | 31-03-2020 |
| ശ്രീ.ദയാകലൻ പി.എം | വി.ഇ.ഒ | 01-01-2020 | 31-03-2020 |
| ശ്രീ.മുഹമ്മദ് റോഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-09-2019 |
| ശ്രീമതി സനിഷ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2019 | 26-11-2019 |
| ശ്രീ.മുഹമ്മദ് റോഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-11-2019 | 31-03-2020 |
| ശ്രീ. സി ഭാസ്കരൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീ.മൊയ്തു പി.സി | ഹെഡ്മാസ്റ്റർ | 06-06-2019 | 31-03-2020 |
| ഡോ.പി വിനോദ്കുമാർ | വെറ്റിനറി സർജൻ | 01-04-2019 | 15-07-2019 |
| ഡോ കെ.പി സുനിൽകുമാർ | വെറ്റിനറി സർജൻ | 16-07-2019 | 27-09-2019 |
| ഡോ അജിത്ത് വൈ | വെറ്റിനറി സർജൻ | 28-09-2019 | 05-10-2019 |
| ഡോ ഷാജി പണിക്കശ്ശേരി | വെറ്റിനറി സർജൻ | 06-10-2019 | 22-10-2019 |
| ഡോ.ശരതി എസ് | വെറ്റിനറി സർജൻ | 01-11-2019 | 31-03-2020 |
| ശ്രീ.വി.കെ ഇബ്രായി | കൃഷി ഓഫീർ | 01-04-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന - അഡ്വാൻസ് വസ്തു നികുതി ബന്ധപ്പെട്ട ആർ.പി. ശീർഷകത്തിൽ ഉൾപ്പെടുന്നില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-1 |
| 4 | വർക്ക് ഷീറ്റുകൾ തയ്യാറാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-2 |
| 5 | അക്കൗണ്ടിംഗ് നയം - കുറിപ്പുകൾ ഉൾപ്പെടുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-3 |
| 6 | ഡിപ്രിസിയേഷൻ - വിശദാംശങ്ങൾ ഇല്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-4 |
| 7 | കെ.യു.ആർ.ഡി.എഫ്.സി ലോൺ<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-2-5 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: N. Rajeevan (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-3 |
| 9 | ഫണ്ട് വിനിയോഗം<br>Written By: N. Rajeevan (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: N. Rajeevan (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sathish Kumar K (Audit Officer (HG), On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Sathish Kumar K (Audit Officer (HG), On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Jasir C M (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം അപാകതകൾ<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-9 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-10 |
| 16 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ | 1-11 |

| | | |
|---|---|---|
| | Written By: Jasir C M (Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | |
| 17 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് -അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-12 |
| 18 | പൊതു മരാമത്ത് മേഖലയിൽ പ്രവർത്തികൾ പൂർത്തിയാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-13 |
| 19 | ഓവർഹെഡ്ചാർജ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-14 |
| 20 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിച്ചില്ല – വാടകയിനത്തിൽ വൻ തുക ചെലവാകുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-15 |
| 21 | തെരുവ് വിളക്ക്-സംയുക്ത പരിശോധന നടത്തിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-16 |
| 22 | പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-17 |
| 23 | പകൽ വീട് നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-18 |
| 24 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-4 |
| 5 | | 4-5 |

| | | |
|---|---|---|
| | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jasir C M (Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sathish Kumar K (Audit Officer (HG), On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sathish Kumar K (Audit Officer (HG), On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sathish Kumar K (Audit Officer (HG), On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 20-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രപ്പോസൽ ആവശ്യപ്പെട്ടതായി കാണുന്നില്ല.
2. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.
3. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ ആയതിലേക്ക് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ തൂണേരി ഗ്രാമപഞ്ചായത്തിൽ 01.02.2019 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്.

പഞ്ചായത്തിന് ലഭിക്കുവാൻ സാധ്യതയുള്ള പുതിയ വരുമാന സ്രോതസ്സുകൾ ബജറ്റ് രൂപീകരണ വേളയിൽ പരിഗണിച്ചിട്ടില്ല. ഉദാ: കെട്ടിട നികുതി ഗ്രാമ പഞ്ചായത്തിൽ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി ഫീൽഡ് അന്വേഷണം നടത്തി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തിയാൽ പഞ്ചായത്തിന് കെട്ടിട നികുതിയിനത്തിൽ വരുമാന വർദ്ധനവിന് സാധ്യതയുള്ളതിനാൽ ആയത് ഉറപ്പാക്കാവുന്നതാണ്.

തനത് വരുമാനം , റവന്യൂ ചെലവുകൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ എപ്രകാരം തയ്യാറാക്കി എന്നു കാണിക്കുന്ന വർക്കിംഗ് പേപ്പറുകൾ ഫയലിൽ ലഭ്യമല്ല. ഇതു കൊണ്ടുതന്നെ മേല്പറഞ്ഞ കാര്യങ്ങളിൽ എത്രത്തോളം വസ്തുതാപരമാണ് ബജറ്റ് എന്ന് പരിശോധിക്കാനായിട്ടില്ല. എങ്കിലും തനത് വരുമാന സ്രോതസ്സുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വരുമാനവർദ്ധന സാധ്യത സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ലഭ്യമായ വിലപ്പെട്ട വിവരങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ ഉപയോഗപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-2 വാർഷിക കണക്ക് പരിശോധന - അഡ്വാൻസ് വസ്തു നികുതി ബന്ധപ്പെട്ട ആർ.പി. ശീർഷകത്തിൽ ഉൾപ്പെടുന്നില്ല

സഞ്ചയപ്രകാരം വസ്തുനികുതി അഡ്വാൻസ് കളക്ഷൻ ഇനത്തിൽ 29944 രൂപ വരവുണ്ടെങ്കിലും വാർഷിക കണക്കിൽ ആർ.പി-36 ൽ ബന്ധപ്പെട്ട ശീർഷകത്തിൽ പ്രസ്തുത തുക ഉൾപ്പെടുന്നില്ല. ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ അഡ്വാൻസ് കളക്ഷൻ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ 8671 രൂപയാണ് കാണിച്ചിട്ടുള്ളത്.

### 1-2-1 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ

തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-2-2 വർക്ക് ഷീറ്റുകൾ തയ്യാറാക്കിയില്ല

പാർട്ട്ബിൽ ആയി നൽകുന്ന തുകകൾ കാപ്പിറ്റൽ വർക്ക്ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ആയത് ആസ്തിയിലേക്ക് വരവ് വെച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2-3 അക്കൗണ്ടിംഗ് നയം - കുറിപ്പുകൾ ഉൾപ്പെടുത്തിയില്ല

അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-4 ഡിപ്രിസിയേഷൻ - വിശദാംശങ്ങൾ ഇല്ല

ഡിപ്രിസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-2-5 കെ.യു.ആർ.ഡി.എഫ്.സി ലോൺ

KURDFC ലോൺ ഇനത്തിൽ തൻ വർഷത്തെ വരവ് 3202506 രൂപയാണ് എന്നാൽ RP -45 Prepaid Expenses ഇനത്തിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് 2402506 രൂപയാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5862705.25 |
| വരവ് | 45500467 |
| ആകെ | 51363172.25 |
| ചെലവ് | 45253422 |
| നീക്കിയിരിപ്പ് | 6109750.25 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8822718 | 8822718 | 8638038 | 184680 | 184680 (ട്രഷറി ക്യൂ-ബിൽ) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 909000 | 909000 | 759000 | 150000 | 65000 (ട്രഷറി ക്യൂ-ബിൽ) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (CFC-TIED) | 0 | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8078992 | 8078992 | 319600 | 7759392 | 5944434 (ട്രഷറി |

| | | | | | | | |
|---|---|---|---|---|---|---|---|
| (CFC-UNTIED) | | | | | | | ക്യൂ-ബിൽ) |
| ലോകബാങ്ക് സഹായം | | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 9292000 | 9292000 | 981553 | 8310447 | 5640457 (ട്രഷറി ക്യൂ-ബിൽ) |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3251000 | 3251000 | 1340312 | 1910688 | 785946 (ട്രഷറി ക്യൂ-ബിൽ |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | | |
| എസ്.എസ്.എ | | 60202 | 3010 | 63212 | 0 | 63212 | |
| ഐ.സി.ഡി.എസ് | | 486413 | 1301394 | 1787807 | 1172087 | 615720 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 48733980 | 48733980 | 48733980 | 48733980 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3801.5 | 1218943 | 1222744.5 | 733913 | 488831.5 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | | |
| ശുചിത്വ മിഷൻ ഫണ്ട് | | 1364646 | 0 | 1364646 | 83060 | 1281586 | |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 | |
| പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ | | 51510 | 636272 | 687782 | 636272 | 51510 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 98067 | 1842024 | 1940091 | 1918991 | 21100 | |
| | ജില്ലാ പഞ്ചായത്ത് | 148067 | 2457976 | 2606043 | 2457976 | 148067 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 62060447 | 86 | 29999878 | 73 | 3 | 53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3801.5 | 1218943 | 1222744.5 | 733913 | 488831.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 48733980 | 48733980 | 48733980 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 72240 | 123 |
| കർഷക തൊഴിലാളി പെൻഷൻ | 3715200 | 745 |
| വിധവാ പെൻഷൻ | 5169600 | 927 |
| വാർദ്ധക്യകാല പെൻഷൻ | 8324400 | 1734 |
| വികലാംഗ പെൻഷൻ | 1649900 | 302 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 223200 | 41 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08/03/2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26793 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണം അപാകതകൾ

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
2. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
3. ജീവനക്കാരുടെ പ്രതിമാസ മീറ്റിംഗ് യഥാസമയം ചേർന്നതായി കാണുന്നില്ല. ഓഡിറ്റ് വർഷത്തിൽ സ്റ്റാഫ് മീറ്റിംഗ് 5 തവണ മാത്രമാണ് ചേർന്നിട്ടുള്ളത്.
4. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനു പകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അവയൊന്നും പരിഹരിച്ചതായി കാണുന്നില്ല.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

1. <u>ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

2. <u>സ്യൂട്ട് രജിസ്റ്റർ</u>

പഞ്ചായത്ത് അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ കാലികമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ നിലവിലെ സ്ഥിതി അറിയാൻ കഴിയുന്നില്ല.

3. <u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>

സെക്രട്ടറിയുടെ 6.10.2018 ലെ എ1-3668/2018 നമ്പർ ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

1. <u>ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.</u>

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

2. <u>സ്യൂട്ട് രജിസ്റ്റർ</u>

പഞ്ചായത്ത് അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ സ്യൂട്ട് രജിസ്റ്ററിൽ വിവരങ്ങൾ കാലികമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ നിലവിലെ സ്ഥിതി അറിയാൻ കഴിയുന്നില്ല.കൂടാതെ വക്കീൽ ഫീസ് നൽകിയതിന്റെ കൃത്യമായ വിവരവും ലഭ്യമല്ല.

3. <u>റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.</u>

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് 2017-18, 2018-19 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും ഇത് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

<u>1-10 തൊഴിൽ നികുതി അപാകതകൾ</u>

I) <u>രജിസ്റ്ററുകൾ തയ്യാറാക്കിയതിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

2)<u>ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം</u>

ന്നുണേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ലൈസൻസ് ക്രമ നം | ലൈസൻസ് അപേക്ഷകന്റെ പേര് | വാർഡ് / കെട്ടിട നം | ആവശ്യം | ജീവനക്കാരുടെ എണ്ണം | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 106/2019-20 | ശ്രീ.പാലത്തിൽ മഹമൂദ് . മുടവന്തേരി | 3/17-18 | തടി/മരം മിൽ | 3 | 2500 |
| 121/2019-20 | ശ്രീ.അബ്ദുള്ളഹാജി തറവട്ടത്ത് | 4/418 | തടി/മരം മിൽ | 9 | 2500 |
| 138/2019-20 | ശ്രീ.സുമേഷ്.പി.പി തറോപ്പൊയിൽ | 14/629-630 | വെൽഡിംഗ് ഇൻഡസ്ട്രി | 4 | 2500 |
| 199/2019-20 | ശ്രീ.രാജൻ മുണ്ടോത്ത് | 5/499-500 | ഹോട്ടൽ | 5 | 2500 |
| 285/2019-20 | ശ്രീ.ശിശിർ.എസ്. കല്ലുംപുറത്ത് കക്കട്ടിൽ | 2/309ബി | വാഹനം റിപ്പയർ ഷോപ്പ് | 8 | 4210 |
| 248/2019-20 | ശ്രീ.ഫസലുറഹമാൻ കല്ലാങ്കണ്ടി | 4/122ബി-122ഡി | കാറ്ററിംഗ് സർവ്വീസ് | 5 | 2700 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ

പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

3)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1181 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ ‌നുണേരി ഗ്രാമപഞ്ചായത്തിൽ 4 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1177 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 302 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 442 ആണ്. അവശേഷിക്കുന്ന 735 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതും വാണിജ്യ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിവരം ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തുന്നതിന് വാർഡ് ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്.

1-11 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തിയ്യതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ ‌നുണേരി ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 302 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 133 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

2)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയത് അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴസ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം സഞ്ചയ-സോഫ്റ്റ്വേറിൽ നിന്നും കെട്ടിടഉടമകളുടെ ലിസ്റ്റ് പ്രിന്റ് ചെയ്താണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

3)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1181 (4 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 302 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (442 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് -അപാകതകൾ

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ.തി 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ് ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത് എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, ഇതിലെ വിവരങ്ങൾകാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. ഓഡിറ്റ് വർഷത്തെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായി കാണുന്നില്ല.

2. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നിലവിലുള്ള സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെറിപ്പോർട്ട് പരിഷ്കരണത്തിൽ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുക ക്രോഡീകരിക്കുക അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/19-20/12.3.21) മറുപടി നൽകിയിട്ടില്ല. പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിൽ ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 പൊതു മരാമത്ത് മേഖലയിൽ പ്രവർത്തികൾ പൂർത്തിയാക്കിയില്ല

സ്ഥാപനത്തിന്റെ അധികാര മേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ ആകെ 93 പുതിയ പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്. (പുതിയത് 76, സ്പിൽ ഓവർ 17) ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 29768503/- കോടി രൂപയിൽ 3695686/- കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. അതായത് അടങ്കൽ തുകയുടെ 12% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. പുതിയ പ്രൊജക്ടുകളിൽ 51 എണ്ണത്തിന് തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകളിൽ 6 എണ്ണം പൂർത്തിയാക്കിയില്ല. സ്പിൽ ഓവർ പദ്ധതികൾക്ക് വകയിരുത്തിയ തുകയിൽ 44 % മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. വകയിരുത്തിയതിൽ 2.60 കോടി രൂപ നഷ്ടപ്പെട്ടു. ആസൂത്രണത്തിലൂടെ ലക്ഷ്യം വച്ച വികസന തലവും നിർവ്വഹണാനന്തരമുള്ള മേൽസ്ഥിതിവിശേഷവും തമ്മിലുള്ള വൻവിടവ് , നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവവും ഇതിന് കാരണമായിട്ടുണ്ട്.

പ്രൊജക്ടുകളുടെ അംഗീകാരം മുതൽ സാമ്പത്തീക വർഷാവസാനം പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ വന്ന കാലതാമസം തുക നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ട്.കൂടാതെ പ്രൊജക്ടുകളുടെ ആധിക്യം, കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ എന്നിവയും നിർവ്വഹണപുരോഗതിയ്ക്ക് തടസ്സമായി. ഒരു റോഡിന്റെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം റോഡിന്റെ വളരെ കുറഞ്ഞ ഭാഗം മാത്രമെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുള്ളൂ. ബാക്കി വരുന്ന ഭാഗം തുടർ വർഷങ്ങളിൽ പുതിയ പ്രൊജക്ടായി നടപ്പാക്കുന്ന പ്രവണതയാണ് സ്ഥാപനത്തിലുള്ളത്. ഇത് മൂലം 5 ലക്ഷത്തിൽ താഴെ അടങ്കൽ തുകകളുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെടുന്നത്. ചെറിയ പദ്ധതികളായതിനാൽ ടെണ്ടറിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നതിനും മത്സര സ്വഭാവം നഷ്ടപ്പെടുന്നതിനും കാരണം.

പ്രൊജക്ടുകളുടെ ആസൂത്രണത്തിനും സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉത്തരവാദപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തി സാമ്പത്തിക വർഷത്തിനുള്ളിൽ നിർവ്വഹണം സാധ്യമാകുംവിധം ഇടപെടലുകൾ നടത്താനായിട്ടില്ല. നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കുന്നതിനും കമ്മിറ്റി ശ്രമിച്ചിട്ടില്ല നിർവ്വഹണത്തിന് തടസ്സങ്ങളുണ്ടെങ്കിൽ കാരണങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുവാനും ശ്രമം നടന്നിട്ടില്ല.ഡി പി സി അംഗീകാരം മുതൽ പ്രൊജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേല്പറഞ്ഞതരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സംവിധാനങ്ങൾക്കുമുണ്ടായിട്ടുള്ള മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/12.3.21) മറുപടി സമർപ്പിച്ചിട്ടില്ല. പൊതുമരാമത്ത് മേഖലയിൽ പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കുന്നതിന് ആവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ഓവർഹെഡ്ചാർജ് - പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നു

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്വെയർ മുഖേനയാണ്.

മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാന്റാർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റാർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്.റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്‍വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും

ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/19-20/12.3.21) മറുപടി നൽകിയിട്ടില്ല. സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നത് തടയാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിച്ചില്ല – വാടകയിനത്തിൽ വൻ തുക ചെലവാകുന്നു

ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ പൊളിച്ചത് കാരണം, 01.11.2018 മുതൽ ഓഫീസ് പ്രവർത്തിച്ച് വരുന്നത് വാടക കെട്ടിടത്തിലാണ്. വാടകയിനത്തിൽ പ്രതിമാസം 30386/- രൂപയാണ് നൽകിവരുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 07.03.2019 ലെ കത്തിൽ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ഈ തുക മതിയാകുന്നില്ലെങ്കിൽ ലഭ്യമായ മറ്റ് ഫണ്ടുകൾ ഇതോടൊപ്പം ചേർത്ത് പദ്ധതി നടപ്പാക്കാവുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇതിനായി 2018 – 19 അല്ലെങ്കിൽ 2019 20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നർമ്മാണ പ്രൊജക്ട് നടപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി പദ്ധതികളാവിഷ്കരിച്ചിട്ടില്ല. 2020-21 വർഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ച് പ്രൊജക്ട് നമ്പർ 103/20-21പ്രകാരം 12000000 പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി. ഇതിനായി 20 ലക്ഷം രൂപ RGSA വിഹിതവും ഒരു കോടി രൂപ ബേങ്ക് വായ്പയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണ സമിതിയുടെ 11.09.2020 ലെ 113/2020 നമ്പർ തീരുമാനപ്രകാരം പ്രവൃത്തി സൊസൈറ്റിക്ക് നൽകുന്നതിന് തീരുമാനിച്ചു.

പ്രവൃത്തി ഏറ്റെടുക്കുന്നതിനായി 06 11.2020 ലെ എ2/ 90/20 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സൊസൈറ്റിയോട് ആവശ്യപ്പെട്ടു. എന്നാൽ പ്രവൃത്തികളുടെ ബാഹുല്യം കാരണം പ്രസ്തുത വർക്ക് ഏറ്റെടുക്കാൻ കഴിയില്ലെന്ന് സൊസൈറ്റി പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് (കത്ത് നം. ULCCS/ENGG/CL2020-21/16.11.20). സൊസൈറ്റിയുമായി ചർച്ച നടത്താതെ പഞ്ചായത്ത് ഏകപക്ഷീയമായി പദ്ധതി തയ്യാറാക്കിയതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മാത്രമല്ല ബേങ്ക് ലോണായി കാണിച്ച തുകയുമായി ബന്ധപ്പെട്ട് ബേങ്കുകളുമായി ചർച്ച നടത്തിയതായും കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താത്തത് കാരണം പഞ്ചായത്ത് ഓഫീസ് നിർമ്മാണം അനിശ്ചിതമായി നീണ്ട് പോകുന്ന അവസ്ഥയാണുള്ളത്. കെട്ടിട വാടകയിനത്തിൽ വൻ തുക ചെലവഴിക്കേണ്ടി വരുന്നത് ഭാവിയിൽ പഞ്ചായത്ത് ഫണ്ടിന് വലിയ ബാധ്യതയാകാൻ സാധ്യതയുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/19-20/12.3.21) മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിച്ച്, ഇതിനനുവദിച്ച ഫണ്ടുകൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്ക്-സംയുക്ത പരിശോധന നടത്തിയില്ല

പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. വാർഡടിസ്ഥാനത്തിൽ പ്രവർത്തനക്ഷമം ആയവയും അല്ലാത്തവയുമായ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ലഭ്യമല്ല. ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി യ്ക്ക് അവരുടെ ഡിമാന്റിനെ മാത്രം ആശ്രയിച്ച് പണം ഒടുക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തുന്നുണ്ട്. പഞ്ചായത്ത്,

കെ.എസ്.ഇ.ബി യുമായി ചേർന്ന് വാർഡ് അടിസ്ഥാനത്തിൽ ഒരു സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ ഒരു ഡാറ്റ തയ്യാറാക്കുകയും തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. വാർഡ്/സെക്ഷൻ അടിസ്ഥാനത്തിൽ ഊർജ്ജ മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിച്ച ഊർജ്ജത്തിനു മാത്രം പണം ഒടുക്കാൻ ശ്രദ്ധിക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണ് എന്നും കാണിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32 പ്രകാരം പരാമർശിച്ചിരുന്നു വെങ്കിലും തുടർനടപടികൾ യാതൊന്നും സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു

പൊതുടാപ്പുകളുടെ രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൂടി 30 പൊതുടാപ്പുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി വർഷം മുതൽ ഓഡിറ്റ് വർഷം വരെ പ്രതിമാസം 13125/- രൂപ നിരക്കിലാണ് വെള്ളക്കരം ഒടുക്കി വരുന്നത്. എന്നാൽ ഓഡിറ്റ് വർഷം ഇവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് വ്യക്തമല്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുവാൻ വാർഡടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തുകയും രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതാണ്. യഥാർത്ഥ ഉപയോഗത്തിനാണ് കേരളാ വാട്ടർ അതോറിറ്റിക്ക് പണം ഒടുക്കുന്നു എന്ന് സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്.

ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുകയും 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-33 പ്രകാരം പരാമർശം ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 2019-20 ഓഡിറ്റ് പരിശോധനയിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 പകൽ വീട് നിർമ്മാണം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 6,17,432 രൂപ ചെലവഴിച്ച് 14-ാം വാർഡിൽ പകൽ വീട് നിർമമാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-11 ൽ സൂചിപ്പിച്ചിരുന്നു.

ഗ്രാമപഞ്ചായത്ത് ആയുർവ്വേദ ഡിസ്പൻസറി കെട്ടിടത്തിന്റെ മുകൾ നിലയിലായാണ് പകൽ വീട് നിർമ്മിച്ചിട്ടുള്ളത്. അലൂമിനിയം ഷീറ്റ് മേൽക്കൂരയുള്ള വലിയൊരു ഹാൾ മാത്രമാണ് പകൽ വീടായി ഒരുക്കിയത്. ഹാളിൽ എത്തുന്നതിന് ഇരുമ്പു ഗോവണി ഘടിപ്പിച്ചിട്ടുണ്ട്. മുതിർന്ന പൗരൻമാർ ഗോവണി കയറി പകൽവീട്ടിൽ എത്തേണ്ടി വരും എന്ന അസൗകര്യം, നിർമ്മാണ സമയത്ത് പരിഗണിച്ചിട്ടില്ല. പകൽ സമയം വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഫർണിച്ചറുകൾ, ഫാൻ, ലൈറ്റ് എന്നിവ ഒരുക്കിയിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി 10.03.2021 ന് സ്ഥാപനം നേരിട്ട് പരിശോധിച്ചതിൽ പകൽവീടിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

നിർമ്മാണം പൂർത്തിയായിട്ടും പകൽ വീട് പ്രവർത്തന ക്ഷമമാക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | വർഷം | തീയതി | പേജ് നമ്പർ | തുക | കൈപ്പറ്റിയ ആളിന്റെ പേര്/ | ഇനം |
|---|---|---|---|---|---|---|

| | | | | | സ്ഥാപനം | |
|---|---|---|---|---|---|---|
| 1 | 2010-11 | 5.09.2011 | 54 | 6800 | ശ്രീ.സി.വിജയകുമാർ യു.ഡി ക്ലാർക്ക് | ഓണം അഡ്വാൻസ് |
| 2 | 2010-11 | 5.09.2011 | 54 | 6800 | ശ്രീ.ജിജ്ഞ.സി.കെ എൽ.ഡി ക്ലാർക്ക് | ഓണം അഡ്വാൻസ് |
| 3 | 2014-15 | 4.09.2014 | 54 | 4000 | ശ്രീ.രതീഷ് കുമാർ ടി.സി ഓഫീസ് അറ്റന്റന്റ് | ഓണം അഡ്വാൻസ് |
| 4 | 2016-17 | 7.09.2016 | 54 | 3000 | ശ്രീ.എ.കെ രാജൻ അസി സെക്രട്ടറി | ഓണം അഡ്വാൻസ് |
| 5 | 2011-12 | 22.02.2012 | 54 | 200000 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| 6 | 2017-18 | 27.04.2017 | 54 | 200000 | വി.ഇ.ഒ | മാലിന്യ സംസ്കരണം |

മേൽ കാണിച്ചിരിക്കുന്ന മുൻകൂറുകൾ നാളിതുവരെയായി ക്രമീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതും ആയവ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 8.03.2021-09.03.2021 | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 2112976 | ലൈഫ് ഭവനപദ്ധതി | 2112976 | 0 |
| | 2019-20 | 120000 | ക്ഷീര ഗ്രാമം | 120000 | 0 |
| | 2019-20 | 225000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 225000 | 0 |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1367024 | ലൈഫ് ഭവന പദ്ധതി | 1367024 | 0 |
| | 2019-20 | 150000 | മിൽക്ക് ഇൻസെന്റീവ് | 150000 | 0 |
| | 2019-20 | 100000 | നെൽകൃഷി കൂലിച്ചെലവ് | 78900 | 21100 |
| | 2019-20 | 225000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 225000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
| ലൈഫ് ഭവന പദ്ധതി | 2018-19/ജി.ഒ (എം.എസ്) 68/2018/ തസ്വഭവ തി.18.05.2018 | 3202506 | 10777494 | 955882 | | 13024118 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി നം-2470 | 09.02.1997 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് നം-312 |
| ആകെ | | | | 10000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1998-99 | 22,23 | 2003-04 | 11.13.7.11 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | 23,24 | 2003-04 | 11.13.7.11 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| 2000-01 | | 2004-05 | 11.13.7.11 38 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനില്ക്കുന്നു. |
| | | 2015-16 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 4.1.5 38 | നികുതി/ നികുതിയേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | പരാമർശം നിലനില്ക്കുന്നു. |
| 2001-02 | 2-1 | 2005-06 | 2.70.3.6 69 | ക്യാഷ് ബുക്ക്, വരവ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല | 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2005-06 | 2.70.1.14.5 80 | നികുതി പിരിവിൽ അലംഭാവം | 2014-16(51) ഖ.40 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 2015-16 | 3-13 | 2016-17 | 6(എ)1.70 90 | ആശ്രയ വീടിന് സ്ഥലം | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ) 2.4 91 | വീട് റിപ്പയർ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ).3.2 91 | കുടിവെള്ളം | പരാമർശം നിലനില്ക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4-188 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5.212 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനില്ക്കുന്നു. |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 5862705.25 |
| ഓഡിറ്റ് വർഷത്തെ വരവ് | 45500467.00 |
| ആകെ | 51363172.25 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 45253422.00 |
| നീക്കിയിരിപ്പ് | 6109750.25 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ കെകെഡി പി5/1458/2019(1) തി.17.11.2020 | 1 | 33 |
| 1999-00 | കെ.എസ്.എ കെകെഡി പി5/1458/2019(2) തി.17.11.2020 | 3 | 35, 36,39 |
| 2000-01 | കെ.എസ്.എ കെകെഡി പി5/1458/2019(4) തി.17.11.2020 | 2 | 3-3,3-4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 4 | 2-1,3-2,3-3, 3-4, |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ കെകെഡി പി5/1458/2019(5) തി.17.11.2020 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 11 | 1-5, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-11, 3-12, 3-13 |
| 2005-06 | കെ.എസ്.എ കെകെഡി പി5/1458/2019(6) തി.17.11.2020 | 5 | 3-1, 3-4, 3-6, 3-7, 3-9 |
| 2006-07 | കെ.എസ്.എ കെകെഡി പി5/1458/2019(7) തി.17.11.2020 | 6 | 3-1, 3-2, 3-4, 3-6, 3-7, 3-8 |
| 2007-08 | കെ.എസ്.എ കെകെഡി പി5/1458/2019(8) തി.17.11.2020 | 6 | 3-2(ഡി), ഇ, 3-3(എ), 3-6, 3-9(1)(2) |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി11/951/14 തീ.10/10/14 | 2 | 3-6,3-12 |
| 2010-11 & 2011-12 | കെ.എസ്.എ കെകെഡി പി5/1804/2019(1) തി.17.11.2020 | 7 | 3-3, 3-5, 3-10, 3-13, 3-15, 3-16, 3-17 |
| 2012-13 & 2013-14 | കെ.എസ്.എ കെകെഡി പി5/1987/2019(2) തി.17.11.2020 | 16 | 3-2, 3-3, 3-4, 3-7, 3-8, 3-10, 3-11, 3-12(1), 3-12(4), 3-13(2), 3-15, 3-16, 3-18, 3-19, 3-20,3-21 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804/2019(2) തി.17.11.2020 | 14 | 2(1,2),3-1, 3-4, 3-5, 3-6,3-7, 3-8, 3-3-11, 3-12, 3-17, 13-8, 3-19, 3-20, 3-21 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി5/2019(3)തി.17/11/2020 | 11 | 2-1(2,4), 2-4,3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി5/1804/2019(4) തി.17/11/2020 | 13 | 2-1(1,4), 2-2, 2-5, 3-3, 3-4, 3-7, 3-9, 3-10,3-11(3),3-14, 3-15, 3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 687/2020 | 11 | 1-12, 2-3, 2-4(4), 3-1(7), 3-2(1), 3- |

| | | | |
|---|---|---|---|
| | തി.10/11/2020 | | 2(2,4), 3-5, 3-9, 3-13(2) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 687/2020 തി.10/11/2020 | 40 | 1-1 മുതൽ 1-37 വരെ, 3-1, 3-2, 3-3 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തുണേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്